## ഹദീസ്

**ഇബ്റാഹീം ശംനാട്**
ebrahimca@gmail.com

# കടബാധ്യതക്ക് പരിഹാരമായി പ്രാർഥന

عَنْ أنس بن مالك رضي الله عنه قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم لمعاذ ابن جبل : ألا أُعَلِّمُكَ دُعَاءً تَدْعُو به لَوْ كَانَ عَلَيْكَ مثْلُ جبَل أُحد دَيْنا لَأدّى اللّهُ عَنْكَ ؟! قُلْ يَا مُعَاذُ: ﴿قُلِ اللَّهُمَّ مَالِكَ الْمُلْكِ تُؤْتِي الْمُلْكَ مَنْ تَشَاءُ وَتَنْزِعُ الْمُلْكَ مِمَّنْ تَشَاءُ وَتُعِزُّ مَنْ تَشَاءُ وَتُذِلُّ مَنْ تَشَاءُ ۖ بِيَدِكَ الْخَيْرُ ۖ إِنَّكَ عَلَىٰ كُلِّ شَيْءٍ قَدِيرٌ﴾ رَحْمَنُ الدُّنْيا وَالأخرَة!! تُعْطِيهُمَا مَنْ تَشَاءُ ، وَتَمْنَعُهُمَا مَنْ تَشَاءُ ، ارْحَمْنِى رَحْمَةً تُغْنِينِى بِهاَ عَنْ رَحْمَة مَنْ سِوَاكَ

**അനസുബ്നു മാലികിൽനിന്ന്: നബി (സ) മുആദുബ്നു ജബലിനോട് ഒരിക്കൽ ചോദിച്ചു: മുആദേ! ഞാൻ താങ്കളെ ഒരു പ്രാർഥന പഠിപ്പിക്കട്ടെയോ? ആ പ്രാർഥന പ്രാർഥിച്ചാൽ ഉഹുദ് മലയോളം നിനക്ക് കടബാധ്യതയുണ്ടെങ്കിലും അല്ലാഹു നിനക്കു വേണ്ടി അത് വീട്ടുന്നതായിരിക്കും. മുആദേ, നീ ഇങ്ങനെ പ്രാർഥിക്കുക എന്നു പറഞ്ഞ് ഖുർആനിലെ ഈ സൂക്തം ഓതി: "പറയുക: ആധിപത്യത്തിനുടമയായ അല്ലാഹുവേ, നീ ഇഛിക്കുന്നവർക്ക് നീ ആധിപത്യമേകുന്നു; ഇഛിക്കുന്നവരിൽ നിന്ന് ആധിപത്യം നീക്കിക്കളയുന്നു; നീ ഉദ്ദേശിക്കുന്നവരെ നീ പ്രതാപികളാക്കുന്നു. നീ ഉദ്ദേശിക്കുന്നവരെ ഹീനരാക്കുകയും ചെയ്യുന്നു. സമസ്ത സൗഭാഗ്യങ്ങളും നിന്റെ കൈയാലാണ്. തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുറ്റവൻ തന്നെ" (3:26). ഇഹത്തിലും പരത്തിലും കരുണാവാരിധിയായ നാഥാ! നീയാണ് നൽകുന്നത്, നീയാണ് തടയുന്നത്. മറ്റൊരാളുടെയും കാരുണ്യം വേണ്ടാത്തവിധം നീയെനിക്ക് കാരുണ്യമേകിയാലും (ഹദീസ് ഹസനാണെന്ന് അൽബാനി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്).**

വലിയൊരു സാമ്പത്തിക മാന്ദ്യത്തിലൂടെയാണ് ലോകവും നമ്മുടെ രാജ്യവും കടന്നുപോയിക്കൊണ്ടിരിക്കുന്നത്. സാമ്പത്തിക മാന്ദ്യത്തിന്റെ പ്രത്യാഘാതങ്ങൾ ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രകടമാണ്. അവശ്യ സാധനങ്ങളുടെ വിലക്കയറ്റം, കർഷകരുടെ ആത്മഹത്യ, തൊഴിലില്ലായ്മ, കയറ്റുമതി കുറവ്, ഇന്ധനവിലവർധനവ് തുടങ്ങിയവയെല്ലാം അതിന്റെ പ്രത്യക്ഷ ലക്ഷണങ്ങൾ മാത്രം. അതിനിടെയാണ് നോട്ട് അസാധുവാക്കലിന്റെ പ്രത്യാഘാതവും ചരക്ക് സേവന നികുതി നടപ്പാക്കലിലെ അപാകതകളും കൂനിന്മേൽ കുരുവെന്ന പോലെ നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ശ്വാസം മുട്ടിക്കുന്നത്.

വ്യക്തികളെ സംബന്ധിച്ചേടത്തോളം കടുത്ത സാമ്പത്തിക പ്രയാസങ്ങളാണ് ഇവയെല്ലാംതന്നെ. ഇതിനെ മറികടക്കാൻ സാധാരണക്കാർ കിട്ടുന്നേടത്തുനിന്ന് കടം വാങ്ങുക സ്വാഭാവികമാണ്. സർക്കാർ സ്ഥാപനങ്ങളും ബാങ്കുകളും ജനങ്ങളെ കടക്കെണിയിൽപെടുത്താൻ താൽപര്യം കാണിക്കുകയും ചെയ്യുന്നു. അവർ സ്വരൂപിച്ച പണം ജനങ്ങളിലേക്കെത്തിക്കാനുള്ള മാർഗമായിട്ടാണ് പലിശക്ക് കടം കൊടുക്കുന്നതിനെ കാണുന്നത്. യഥാർഥത്തിൽ ഇത് മുറിവിൽ ഉപ്പു തേക്കുന്നതു പോലുള്ള നിരർഥകമായ പരിഹാരമാണ്.

നമ്മുടെ കൂട്ടത്തിലെ സാധാരണക്കാരിൽ അധികപേരും അഭിമുഖീകരിക്കുന്ന വലിയൊരു സാമ്പത്തിക പ്രശ്നമാണ് കടബാധ്യതകൾ. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാനുള്ള നെട്ടോട്ടത്തിനിടയിൽ പലരും പല സ്രോതസ്സുകളിൽനിന്നായി കടം വാങ്ങുന്നത് പണ്ടുമുതലേ സമൂഹത്തിൽ നിലനിൽക്കുന്ന രീതിയാണെങ്കിലും ഇന്ന് സമൂഹത്തിൽ സ്റ്റാറ്റസ് നിലനിർത്തുന്നതിന്റെ ഭാഗമായും പലരും കടം വാങ്ങാറുണ്ട്. പലിശക്ക് കടം കൊടുക്കുന്ന ഷൈലോക്കിയൻ മനസ്സ് ധനാഢ്യരുടെ ദൗർബല്യമാണെങ്കിൽ, പാവപ്പെട്ടവരെ സംബന്ധിച്ചേടത്തോളം അത് ബാധ്യതയാണ്.

പ്രയാസപ്പെടുന്നവരെ സഹായിക്കുന്നതിന്റെ ഭാഗമായി കടം കൊടുക്കാൻ സാമ്പത്തികമായി കഴിവുള്ളവരെ ഇസ്‌ലാം പ്രേരിപ്പിക്കുമ്പോൾ, കടം വാങ്ങുന്നതിനെ അത് കർശനമായി നിരുത്സാഹപ്പെടുത്താനാണ് ശ്രമിക്കുന്നത്. കടം വാങ്ങുന്നത് അഭിമാനത്തെ പണയപ്പെടുത്തുമെന്ന് മാത്രമല്ല, അത് മാനസിക സംഘർഷവും സൃഷ്ടിക്കും. അതുകൊണ്ടുതന്നെയായിരിക്കാം ഒരു പക്ഷേ പ്രവാചകൻ കടബാധ്യതയുള്ളവർക്ക് വേണ്ടി മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം കൊടുക്കാൻ വിമ്മിട്ടം കാണിച്ചിരുന്നത്. കടബാധ്യതയില്ലാത്ത മരണം എല്ലാവരും ആഗ്രഹിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യേണ്ടതാണ്.

ജീവിതത്തിലൊരിക്കലെങ്കിലും കടം വാങ്ങാതെ ജീവിക്കുന്നവർ ഉണ്ടാവുമോ? പ്രത്യേകിച്ചും ഇന്നത്തെ ദുസ്സഹ സാഹചര്യത്തിൽ കടം വാങ്ങുക എന്നത് സ്വാഭാവികമാണ്. കടബാധ്യതയുള്ളവർ ചെയ്യേണ്ടത് സമയം പാഴാക്കാതെ അധ്വാനിക്കുകയും അത്യാവശ്യ കാര്യങ്ങൾക്കു വേണ്ടി മാത്രം പണം ചെലവഴിച്ച്, അവശേഷിക്കുന്നത് എത്രയായാലും അതുപയോഗിച്ച് കടബാധ്യതകൾ അതിവേഗം തീർക്കുകയുമാണ്. കടബാധ്യതയുള്ളവർ പണം അത്യാവശ്യത്തിന് മാത്രമല്ലാതെ ചെലവഴിക്കുകയില്ലെന്നും തീരുമാനിക്കേണ്ടതുണ്ട്.

വിശ്വാസികൾ എല്ലാ കാര്യത്തിലും അല്ലാഹുവിനെ ആശ്രയിക്കേണ്ടത് അവരുടെ വിശ്വാസത്തിന്റെ അനിവാര്യ ഭാഗമാണ്. അതിനാൽ കടം വീട്ടാൻ അല്ലാഹുവിന്റെ സഹായത്തിനായി പ്രാർഥിക്കൽ ഒരു സത്യവിശ്വാസിയുടെ ബാധ്യതയത്രെ. അതിലൂടെ അല്ലാഹുവിന്റെ സഹായം ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. മുകളിൽ ഉദ്ധരിച്ച നബിവചനത്തിൽ പ്രവാചകൻ തന്റെ ശിഷ്യൻ മുആദിനെ പഠിപ്പിച്ച വാക്യങ്ങൾ അതാണ് നമ്മെ ഓർമിപ്പിക്കുന്നത്. അത്തരം പ്രാർഥനകൾ അല്ലാഹുവിന്റെ അടുക്കൽ മഹത്തായ പുണ്യകർമമാണ്. തന്റെ ദാസൻ അവന്റെ ആവശ്യങ്ങളുന്നയിച്ച് വിനയപൂർവം പ്രാർഥിക്കുന്നത് അല്ലാഹുവിന് ഏറ്റവും തൃപ്തികരമായ കാര്യമാണ്. അതിനാൽ കടബാധ്യതയുള്ളവർ ഉത്തമ വിശ്വാസത്തോടെ ആ പ്രാർഥന ഉരുവിടുക. ഐഹിക-പാരത്രിക ലോകത്ത് അതിന്റെ പ്രതിഫലനം കാണാതിരിക്കില്ല. ●